**തദ്ദേശസ്വയംഭരണവകുപ്പ് – പാലക്കാട് – ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്– പാലക്കാട് ജില്ല – ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്.

സൂചന. ശ്രീ Guruvayoor Kutty, Kannan Traders, Kurudikkad, Puthusseri എന്നയാൾ ബഹു. ത. സ്വ. ഭ. വ മന്ത്രി മുഖേന നല്കിയ പരാതി.

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 07.06.2024</u>**

മേൽ സൂചന പ്രകാരം ശ്രീ Guruvayoor Kutty, Kannan Traders, Kurudikkad, Puthusseri എന്നയാൾ ബഹു. ത. സ്വ. ഭ. വ മന്ത്രി മുമ്പാകെ, പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ നിർമിച്ച അനധികൃത കെട്ടിടം ക്രമവല്കരിക്കുന്നതു സംബന്ധിച്ച് അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ പരിഗണനക്കായി ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി(5) മുമ്പാകെ ലഭിച്ചിരുന്നു.

പുതുശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം ശ്രീ Guruvayoor Kutty, Kannan Traders, Kurudikkad, Puthusseri എന്നവരുടെ 23/970 എന്ന കെട്ടിടം 36.10 ച. മീറ്റർ വിസ്തൃതിയിൽ വാണിജ്യാവശ്യത്തിനായി കടമുറി എന്ന ഗണത്തിൽ നൽകപ്പെട്ടതും, തുടർന്നു 23/971, 23/972 ഇതേ ആവശ്യത്തിനായി 36.10 ച. മീറ്ററിൽ നൽകപ്പെട്ടിട്ടുള്ളതുമാണ്. ടിയാൻ ടി കടമുറികൾ ഇരുമ്പ് ഗോഡൌണായി ഉപയോഗിച്ചു വരുകയും, വാഹനഗതാഗത തടസം സൃഷ്ടിക്കുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഉള്ള പരിശോധനയിൽ ഇത് ക്രമവിരുദ്ധമാണെന്ന് കണ്ടെത്തിയതിനാൽ ടിയാന് കെട്ടിടം ക്രമവൽകരിക്കുന്നതിനു കത്ത് നൽകിയിട്ടുള്ളതുമാണ്. എന്നാൽ കെട്ടിടം ക്രമവൽകരിക്കുന്നതിനുള്ള പ്ലാനും അനുബന്ധരേഖകളും നാളിതുവരെ ഹാജരാക്കിയിട്ടില്ലെന്നു സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതുശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, പരാതിക്കാരനും നേരിൽ ഹാജരായി. പരാതിക്കാരനെ നേരിൽ കേട്ടതിൽ അനധികൃത നിർമാണം ഉടൻ പൊളിച്ചു നീക്കാമെന്നും കെട്ടിടം ക്രമവൽകരിക്കുന്നതിനു ആവശ്യമായ രേഖകൾ പഞ്ചായത്തിൽ ഹാജരാക്കാമെന്നും അറിയിച്ചു. അപേക്ഷകനിൽ നിന്നും ടി ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിടം ക്രമവൽകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു

ഒപ്പ്

കെ സതീഷ്കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : . ശ്രീ Guruvayoor Kutty, Kannan Traders, Kurudikkad, Puthusseri